

FRIDAY SERMON / വെള്ളിയാഴ്ച ഖുത്തുബ

HAZRAT KHALIFATHULLAH MUNIR AHMAD AZIM (A)

17 JANUARY 2020

21 JAMADI'UL AWWAL 1441 AH

# THE PROMISE OF ALLAH TO THE PROPHET & THE BELIEVERS (PT.2)

## പ്രവാചകനും വിശ്വാസികൾക്കും അല്ലാഹു(ത) നല്കുന്ന വാഗ്ദാനം (ഭാഗം2)

സലാമിനു ശേഷം ഹസ്രത് ഖലീഫത്തുല്ലാഹ് തശഹ്ഹുദ്, തഅവ്വുദ്, സൂറ:അൽഫാതിഹ ഓതിയ ശേഷം **പ്രവാചകനും വിശ്വാസികൾക്കും അല്ലാഹു(ത) നല്കുന്ന വാഗ്ദാനം** എന്ന വിഷയത്തെ ആസ്പദമാക്കി വെള്ളിയാഴ്ച ഖുത്തുബ രണ്ടാം ഭാഗം ആരംഭിക്കുകയുണ്ടായി.

അല്ലാഹുവിന്റെ അനുഗ്രഹത്താൽ കഴിഞ്ഞ ആഴ്ച തുടങ്ങിയ പ്രസംഗത്തിന്റെ രണ്ടാം ഭാഗം ഇന്ന് തുടരുകയാണ്. മാനവസമുദായത്തിന് മൊത്തത്തിൽ പൊതുവായി വളരെ പ്രധാനപ്പെട്ട ഒരു വിഷയമാണിത്, അതുപോലെ ലോകമെങ്ങുമുള്ള മുസ്ലിം സഹോദരീ സഹോദരന്മാർക്ക് മൊത്തത്തിലും, വിശിഷ്യാ അഹ്മദീ മുസ്ലിംകൾക്കും ഇത് വളരെ പ്രധാനപ്പെട്ട ഒരു വിഷയം തന്നെയാണ്) കാരണം അല്ലാഹു(ത) പറയുന്നു. നിങ്ങളിൽ നിന്ന് വിശ്വസിക്കുകയും സൽക്കർമ്മങ്ങൾ അനുഷ്ഠിക്കുകയും ചെയ്യുന്നവരോട്, അവർക്ക് മുമ്പുള്ളവരെ ഖലീഫമാരാക്കിയതുപോലെ തീർച്ചയായും അവരെയും ഭൂമിയിൽ ഖലീഫമാരാക്കുന്നതാണ്. 24:56

അതുകൊണ്ട്, സംശയലേശമന്യേ ഈ വചനം അസാധാരണമായ വെളിച്ചം എടുത്തുകാണിക്കുന്നതാണ്. അതുകൊണ്ട് ഈ വചനം നിങ്ങൾക്ക് മനസ്സിലാക്കുവാൻ കഴിഞ്ഞില്ല എന്ന് നിങ്ങൾക്ക് വാദിക്കുവാൻ കഴിയില്ല; അഥവാ ഇതിൽ നിന്നും ഞങ്ങൾക്ക് ഒന്നും തന്നെ വ്യക്തമായില്ല എന്നും, വിശദീകരണമൊന്നും ലഭിച്ചില്ല എന്നും പറയുവാൻ കഴിയില്ല. അല്ലാഹു(ത) വളരെ വ്യക്തമായും

നമുക്ക് കാണിച്ചു തരുന്നു. അതായത് മുസ്ലിം സമുദായത്തിലും അവന്റെ ഖലീഫമാരെ നിയോഗിക്കുന്നതാണ്. ഹസ്രത് മൂസ (അ)ന്റെ സമുദായത്തിൽ നിയോഗിച്ചതുപോലെ! ഹാറൂൺ(അ) നെയും യൂസുഫ് (അ)നെയും ദാവൂദ്(അ)നെയും സുലൈമാൻ (അ)നെയും നിയോഗിച്ചതുപോലെ! അവർ എല്ലാവരുടേയും മേൽ, അല്ലാഹുവിന്റെ സമാധാനം ഇറങ്ങട്ടെ! ഈ എല്ലാ ഖലീഫ മാരെയും കുറിച്ചു വിശുദ്ധഖുർആനിലും പരാമർശിക്കപ്പെട്ടിരിക്കുന്നു. അവർ മനുഷ്യർ തെരഞ്ഞെടുത്ത ഖലീഫമാരായിരുന്നില്ല. ആയതിനാൽ, ഈ വചനം അർത്ഥമാക്കുന്നത് അവരിൽ ഖലീഫമാർ വരുന്നതാണ്, മുൻകാലങ്ങളിൽ അല്ലാഹു(ത) അവർക്ക് നല്കിയതുപോലുള്ള സ്ഥാനപദവിയോടെ!

മിശ്ക്കാത്തിൽ രേഖപ്പെടുത്തപ്പെട്ട ഒരു ഹദീസിൽ ഹസ്രത് മുഹമ്മദ് മുസ്തഫ(സ) വിവരിക്കുന്നു. ഈ വചനത്തെ വളരെ വ്യക്തമായി വിശദീകരിക്കുന്നു. അവിടെ നബികരീം(സ) പറയുന്നു. അതൊരു വലിയ ഹദീസാണ് അതിന്റെ ഒരു ഭാഗം മാത്രമെ ഇവിടെ ഉദ്ധരിക്കുന്നുള്ളു. അല്ലാഹു(ത) ഉദ്ദേശിക്കുന്നിടത്തോളം കാലം നിങ്ങളിൽ നബുവ്വത്ത് ഉണ്ടായിരിക്കും, തുടർന്ന് പ്രവാചകത്വത്തിനെ അടിസ്ഥാനപ്പെടുത്തിയുള്ള ഖിലാഫത്ത് ഉണ്ടായി വരുന്നതാണ്. തുടർന്ന് ദുർവൃത്തരും ഏകാധിപതികളുമായ രാജാക്കന്മാരുടെ കാലഘട്ടം വരുന്നതാണ്, പിന്നീട് പ്രവാചകത്വ മാതൃകയിലുള്ള ഖലീഫമാർ വീണ്ടും വരുന്നതാണ്. (പ്രവാചകന് ശേഷം) ഇത്രയും പറഞ്ഞ് അദ്ദേഹം പ്രസ്തുത വചനം അവസാനിപ്പിക്കുകയുണ്ടായി. (മസാഹിറുൽ ഹഖ് വോള്യം 4, പേജ് 26)

ഈ വചനത്തിന്റെയും ഹദീസിന്റെയും വെളിച്ചത്തിൽ വിശുദ്ധഖുർആന്റെയും പ്രവാചക ചരിത്രത്തിന്റെയും വെളിച്ചത്തിൽ നമുക്ക് അനുമാനിക്കുവാൻ കഴിയുന്നതാണ്. അതായത് അല്ലാഹു(ത) ഒരു ദൂതനെ ലോകത്തിലേക്ക് നിയോഗിക്കുമ്പോൾ, അല്ലാഹു(ത)യുടെ ലക്ഷ്യത്തിൽപെടുന്നതല്ല, അദ്ദേഹത്തെ നിയോഗിക്കുക എന്നതും ഒരു സന്ദേശം കൊണ്ടു വരുക എന്നതും, എന്നിട്ട് വന്നിടത്തേക്ക് മടങ്ങി പോവുക എന്നതും.

മറിച്ച്, ഓരോ പ്രവാചകന്റെയും ആഗമനത്തോടെ, അല്ലാഹുവിന്റെ പദ്ധതിയിൽപെടുന്ന ഒരു കാര്യമുണ്ട്, അതായത് അദ്ദേഹത്തിലൂടെ ലോകത്ത് ഒരു മാറ്റവും ഒരു വിപ്ലവും വരുത്ത

ത്തുക എന്നത്, ഈ ലക്ഷ്യം നേടുന്നതിനായി, തുടർന്നു വരുന്ന ഒരു വ്യവസ്ഥിതി ഉണ്ടായി വരേണ്ടതായിട്ടുണ്ട്. കാരണം ഒരാളും എന്നെന്നും ഇവിടെ ജീവിച്ചിരിക്കുന്നില്ല. ആയതിനാൽ അല്ലാഹു(ത) യുടെ തെരഞ്ഞെടുപ്പിന്റെ തുടർച്ച ഉണ്ടായിക്കൊണ്ടിരിക്കേണ്ടതായിട്ടുണ്ട്. അദ്ദേഹത്തിലൂടെ വിതച്ച വിത്തിന് വെള്ളം കോരുന്നതിനായി, കളകൾ നീക്കം ചെയ്യുന്നതിനായി, മൃഗങ്ങളിൽ നിന്നുള്ള സംരക്ഷണത്തിനായി, കീടാക്രമണത്തിൽ നിന്നും, പ്രസ്തുത വിത്തിനെ സംരക്ഷിക്കുന്നതിനായി, എങ്കിൽ മാത്രമെ അത് വികാസം പ്രാപിക്കുകയും ഒരു ചെടിയായി തീരുകയുമുള്ളു. ചുരുക്കത്തിൽ അദ്ദേഹം അതിനെ സംരക്ഷിക്കണം അങ്ങനെ ആയാൽ അത് വളരും, അതിന്റെ ശിഖരങ്ങൾ വിവിധ ദിശകളിലേക്ക് പടർന്ന് പന്തലിക്കും, തുടർന്ന് അതിൽ ഫലങ്ങൾ ഉണ്ടായി വരും, അപ്പോൾ നാമത് സൂക്ഷമതയോടെ നിരീക്ഷിച്ചു കൊണ്ടിരിക്കേണ്ടതായിട്ടുണ്ട്. പ്രസ്തുത ഫലം മധുരതരമായി തീരുന്നതിനു മുൻപ് അനേകം സ്റ്റേജുകളിലൂടെ കടന്നു പോകേണ്ടതായിട്ടുണ്ട്. കൊടുങ്കാറ്റുണ്ടാകാം, വരൾച്ച ഉണ്ടാകാം. അങ്ങനെ പലതും. ആയതിനാൽ നിങ്ങൾ ഒരു ചെടി ഭൂമിയിൽ നടുമ്പോൾ, പ്രസ്തുത ജോലി അതുകൊണ്ട് അവസാനിപ്പിക്കരുത്. മറിച്ച് അതിന്റേതായ ഒരു തുടർ പ്രവർത്തി തുടർന്നുകൊണ്ടിരിക്കേണ്ടതായിട്ടുണ്ട്. അതു തീർച്ചയായും തുടർന്നുകൊണ്ടിരിക്കേണ്ടതായിട്ടുണ്ട്, അതു തീർച്ചയായും ചെയ്തുകൊണ്ടിരിക്കേണ്ടതു തന്നെയാണ്.

വിശുദ്ധഖുർആനിലെ ഇസ്തിക്‌ലാഫ് വചനം നാം പഠനവിധേയമാകുമ്പോൾ,നമുക്കൊരു കാര്യം മനസ്സിലാകും. അതായത് പ്രവാചകത്വ വ്യവസ്ഥിതി, (പ്രസ്തുത വ്യവസ്ഥിതിയെ നിങ്ങൾക്ക് വിളിക്കുവാൻ കഴിയുന്നത്, മസീഹ്, ഖലീഫത്തുല്ലാഹ്) പ്രസ്തുത വ്യവസ്ഥിതി സ്ഥാപിക്കുന്നത് അല്ലാഹു(ത) ആകുന്നു. അതൊരിക്കലും മനുഷ്യ നിർമ്മിതമല്ല. എന്നാൽ ദൗർഭാഗ്യവശാൽ മനുഷ്യൻ, അവന്റെ മനസ്സിന്റെ പിൻബലത്തിൽ, അവന് സ്വയം അതെല്ലാം ഗ്രഹിക്കുവാൻ കഴിയും എന്ന് ധരിക്കുന്നു, അവനെല്ലാം അറിയാമെന്നും ധരിക്കുന്നു. ദൈവീകാനുഗ്രഹത്തിന്റെ വാതിൽ അവൻ അടയ്ക്കുന്നു. അവനെ പ്രകാശിപ്പിക്കുന്നതിനായി അല്ലാഹു(ത) അവന് നല്കിയ പ്രകാശത്തെ അവൻ കെടുത്തിക്കളയുവാൻ കിണഞ്ഞു പരിശ്രമിക്കുന്നു. അവൻ അവന്റെ സൃഷ്ടവിനേക്കാൾ കൂടുതൽ അറിയാ

മെന്ന് അവൻ സ്വയം പ്രഖ്യാപിക്കുന്നു. അവന്റെ തന്നെ പ്രയത്നത്താൽ, അവൻ നടക്കുന്നു, എന്നിട്ടവൻ അന്ധകാരത്തിൽ അകപ്പെട്ട് അവന് നഷ്ടം സംഭവിക്കുന്നു, കാരണം പ്രവാചകന്മാരുടെ ആഗമനവഴി അവൻ അടച്ചു കളയുന്നു, ദൈവീക ദൃഷ്ടാന്തവാതിലും കൊട്ടി അടയ്ക്കുന്നു. പ്രകാശത്തിന്റെ വാതിൽ എല്ലാ ഭാഗത്തു നിന്നും അവൻ കൊട്ടി അടയ്ക്കുമ്പോൾ, അവൻ തികഞ്ഞ അന്ധകാരത്തിൽ ആപതിക്കുന്നു.

അങ്ങനെ ഇത്തരം ഒരു സാഹചര്യത്തിൽ മുസ്ലിംകൾ അവർ സ്വയം ചെന്നു പെട്ടിരിക്കുകയാണ്. അല്ലാഹു(ത) അനുഗൃഹീതമായ ഒരു വ്യവസ്ഥിതി സ്ഥാപിച്ചിരിക്കുന്നു, അത് അവൻ വിശ്വാസികൾക്കായി നല്കിയിരിക്കുന്നു. അത് അവനിൽ നിന്നുള്ള ഒരു വരദാനമായി അവൻ നല്കിയിരിക്കുകയാണ്. പ്രസ്തുത വരദാനം അവർക്ക് നല്കുന്നതിൽ അവൻ സന്തുഷ്ടനുമാണ്, അവൻ തൃപ്തിപ്പെട്ട കാര്യങ്ങൾ അവർക്കായി വിശദീകരിക്കുന്നു. അങ്ങനെ അവൻ വിശ്വാസികൾക്ക് അവൻ തൃപ്തിപ്പെട്ട മഹത്തായ വ്യവസ്ഥിതിയും നേതൃത്വവും നല്കി അനുഗ്രഹിച്ചിരിക്കുന്നു. അല്ലാഹു(ത) ദൈവീകത നേതൃത്വം നല്കുന്നു വ്യസസ്ഥിതി അവർക്കായി നല്കിയിരിക്കുന്നു. അതവൻ വാഗ്ദാനം ചെയ്തതുമാകുന്നു. അങ്ങനെ അവൻ അവന്റെ വാഗ്ദാനം പൂർത്തിയാക്കുന്നു, എന്നിട്ട് അവൻ പിൻതുടർച്ചക്കാരെ നിശ്ചയിക്കുകയും ചെയ്യുന്നു. അവരെ ഓരോരുത്തരെയും അവൻ നിശ്ചയിച്ച നിശ്ചിത സമയത്തു നിയമിക്കുകയും ചെയ്യുന്നു, ഇതവൻ വിശ്വാസികൾക്കായി നല്കുന്നതാണ്. അവർ തഖ്‌വ ഉള്ളവരാണ്, ഈമാൻ ഉള്ളവരാണ്, നല്ല പ്രവർത്തനങ്ങൾ ചെയ്യുന്നവരാണ്, ഇവർ വിനയാന്വിതരായ വിശ്വാസികളാണ്, അവർ അവരുടെ സൃഷ്ടാവിനോട് നന്ദിയുള്ളവരാണ്, അവർക്കുള്ളതെല്ലാം അല്ലാഹുവിന്റെ വഴിയിൽ അവർ ത്യാഗം ചെയ്യുന്നവരാണ്.

ഒരു ഖലീഫത്തുല്ലാഹ്, അല്ലാഹു(ത) തെരഞ്ഞെടുത്ത ഖലീഫ, അവന്റെ ഖലീഫയെ അവൻ നിയോഗിക്കുകയാണ്, അല്ലാഹുവിൽ നിന്ന് അദ്ദേഹത്തിന് ദൈവീക വെളിപാടുകൾ ലഭിക്കുന്നു. അദ്ദേഹം ഔദ്യോഗികമായി പ്രഖ്യാപിക്കുന്നു, അദ്ദേഹം അല്ലാഹുവിൽ നിന്നും നിയോഗിതനാണെന്ന്, പ്രവാചകത്വത്തിന്റെ പിന്തു

ടർച്ചയെ പ്രതിനിധാനം ചെയ്യുന്നു എന്നവകാശപ്പെടുന്നു. ഈ പ്രകാശത്തിന്റെ സമ്പൂർണ്ണ പ്രതിബിംബമാണിത്. ഈ വീക്ഷണ കോണിലൂടെ നോക്കുമ്പോൾ, പ്രവാചകത്വത്തിന്റെ പ്രകാശാനുഗ്രഹത്തിന്റെ സമ്പൂർണ്ണ ചിത്രമായി, ഈ പ്രവാചകത്വത്തിന്റെ നിഴലിനെ നമുക്ക് കാണുവാൻ കഴിയും, തീർച്ചയായും ഖലീഫത്തുല്ലാഹ് വിശ്വാസത്തിന്റെയും വിശ്വാസി സമൂഹത്തിന്റെയും നല്ല പ്രവർത്തനങ്ങളുടെയും സാക്ഷിയായി തീരുന്നു.

അങ്ങനെ ഖലീഫത്തുല്ലാഹ് വിശ്വാസികളെ സമാധാനത്തിന്റെയും ഐക്യത്തിന്റെയും ഒരു പാഠം പഠിപ്പിക്കുന്നു. എല്ലാ ജനങ്ങളെയും ഏകോപിപ്പിക്കുന്നതിന് അദ്ദേഹം അവിടെയുണ്ട്. ആരെയും ഭിന്നിപ്പിക്കുവാനും വിഭാഗീയത സൃഷ്ടിക്കുവാനുമല്ല. നിസ്സഹകരണം ഏർപ്പെടുത്തുവാനുമല്ല. സഹോദരീ സഹോദരന്മാരുടെ ഹൃദയങ്ങളിൽ വെറുപ്പ് സൃഷ്ടിക്കുവാനുമല്ല. കുടുംബബന്ധങ്ങളെ തച്ചുടയ്ക്കുവാനുമല്ല മറിച്ച്, ഖലീഫത്തുല്ലാഹ് ക്ഷണിക്കുന്നത് എല്ലാവരുടെയും ഭിന്നതകൾ ഇല്ലാതാക്കുവാനാണ്. നമ്മുടെ അഭിപ്രായ വ്യത്യാസങ്ങളെ മാറ്റി വെയ്ക്കുക. എന്നിട്ട് അല്ലാഹുവിന്റെ പാശത്തെ ശക്തമായി മുറുകെ പിടിക്കുക. അല്ലാഹുവിന്റെ പാശം എന്നത് ശഹാദയാണ്, ലാ ഇലാഹ ഇല്ലല്ലാഹ്. അങ്ങനെ നാം ഈ ദൈവീക പാശത്തിൽ ബന്ധിതരാകുക. അങ്ങനെ നാമെല്ലാവരും ഒരൊറ്റ ശരീരമായി മാറുക. അങ്ങനെ, ഈ ശരീരത്തിലെ ഒരവയവത്തിന് പ്രയാസം നേരിട്ടാൽ, മുഴുവൻ ശരീരവും വേദന അനുഭവിക്കുന്നതായി മാറും. ഇതാണ് നമ്മെ മഹാനായ പ്രവാചകൻ (സ) പഠിപ്പിച്ചിരിക്കുന്നത്.

ആയതിനാൽ നമുക്കോരോരുത്തർക്കും സ്വയം അല്ലാഹുവിന്റെ പാശവുമായി ചേർന്നു നില്ക്കാം. അപ്പോൾ നാം മുഴുവൻ സമുദായവുമായി ചേർന്നു നില്ക്കുകയാണെന്നറിയും, ഐക്യതയിലും സ്നേഹത്തിലും, ഇൻശാഅല്ലാഹ്, ഉമ്മത്തിന്റെ തലപ്പത്ത് ഖലീഫത്തുല്ലാഹ് ഉണ്ടായിരിക്കും, ഇൻശാഅല്ലാഹ് ശക്തമായ ഒരു അടിത്തറയിലേക്ക് നാം പരിവർത്തനവിധേയരായി തീരും. അവിടെ നിസ്സഹകരണമില്ല, പരാതികളില്ല, യുദ്ധമില്ല, കൊലയില്ല, നമ്മുടെ സഹോദരീ സഹോദരന്മാരുടെ രക്തം ചീന്തുകയില്ല, നാം കുടുംബബന്ധം വിച്ഛേദിക്കുകയില്ല, തമ്മിൽ യാതൊരു

വെറുപ്പുമുണ്ടാകില്ല, അപ്പോൾ നമുക്ക് അത്യുച്ചത്തിൽ വ്യക്തമായി പറയുവാൻ കഴിയും ഇതാണ് തഖ്‌വയുടെ വിത്ത്, ഇതാണ് ശാഹാദ യുടെ വിത്ത്, ഇതാണ് ദൃഢവിശ്വാസം. ഇത് നമ്മുടെ ഹൃദയങ്ങളിൽ നട്ടുവളർത്തിയതാണ്, അതിന്റെ വേരുകൾ ഹൃദയത്തിന്റെ ആഴങ്ങളിൽ ഇറങ്ങിചെന്നിരിക്കുന്നു, അവിടെ നിന്നാണ് ഈ രോദനം ഉണ്ടാകുന്നത്. എല്ലാവരോടും സ്നേഹം ആരോടുമില്ല വെറുപ്പ്. ഇത്തരം വേളകളിൽ പള്ളികളിൽ പ്രദർശിപ്പിക്കുന്ന ഫലകങ്ങൾ വേണ്ടി വരില്ല. റ്റീഷർട്ട്കളിലും, സ്റ്റിക്കേഴ്സിലും ഇത് പതിക്കേണ്ടി വരില്ല. ഈ നാദം നമ്മുടെ ഹൃദയങ്ങളിൽ വേരുപിടിച്ചിട്ടുണ്ടാകും. എന്നാൽ ദൗർഭാഗ്യവശാൽ കാര്യങ്ങൾ അങ്ങനെയല്ല. ജനങ്ങളുടെ മുൻപാകെ നിങ്ങൾ പ്രകടിപ്പിക്കുന്നതിന്റെ എതിരായിരിക്കും നിങ്ങളുടെ ഹൃദയങ്ങളിൽ. ജനങ്ങളെ ബോധ്യപ്പെടുത്തുവാനായി ഈ നല്ല കാര്യങ്ങൾ നിങ്ങൾ ചെയ്യരുത്. അവരെ സന്തോഷിപ്പിക്കുവാനായി, മറിച്ച് നിങ്ങൾ അല്ലാഹുവിനെ തൃപ്തിപ്പെടുത്തുവാനായി മാത്രം നന്മ ചെയ്യുക. അല്ലാഹുവിന്റെ വഴിയിൽ പ്രവർത്തിക്കുക അപ്പോഴായിരിക്കും നിങ്ങൾക്ക് അല്ലാഹുവിൽ നിന്നുള്ള അനുഗ്രഹങ്ങൾ സ്വീകരിക്കുവാൻ കഴിയുക. അല്ലാഹു(ത) തെരഞ്ഞെടുത്ത ഒരാളിന്റെ വരവോടെയുള്ള പ്രതിഫലം അവൻ നിങ്ങൾക്ക് നല്കുക. നിങ്ങളെ ശുദ്ധീകരിക്കുന്നതിനായി ആകാശത്തു നിന്നുമുള്ള ദൈവീക മഴ നിങ്ങളുടെ മേൽ ചൊരിയുന്നതാണ്. ഇൻശാ അല്ലാഹ്!

സമയക്കുറവിനാൽ, ഈ വിഷയം അടുത്ത ആഴ്ച, ഇൻശാ അല്ലാഹ് തുടരുന്നതാണ്, ഈ സന്ദേശം ഗ്രഹിക്കുവാൻ മുസ്ലിംകളുടെ ഹൃദയം അല്ലാഹു(ത) തുറക്കട്ടെ ഇൻശാ അല്ലാഹ് ആമീൻ!



*Translated & Issued By :*
*Mukarram R. Jamaludin Raother*
*Amir - Jamaat Ul Sahih Al Islam*
*South Zone - Kerala, India*
*E-mail : jamal.raother@gmail.com*
*Web : www.jamaat-ul-sahih-al-islam.com*
*Blog : www.sahih-al-islam.blogspot.in*